# ഇ _ തുമ്പിൽ

ഇ - മാഗസിൻ



## ജി.എച്ച്.എസ് ബാര

## 2018-19

## ലിറ്റിൽ കൈറ്റ്സ്

# ആമുഖം

കുട്ടിക്കൂട്ടത്തിന്റെ കുഞ്ഞുകുഞ്ഞു മുറിവുകൾ,കുറുമ്പുകൾ,കാഴ്ച്ചകൾ,സ്വപ്നങ്ങൾ അക്ഷരചിറകിലേറി പറക്കുകയാണ് ഇ-മാഗസിന്റെ മഴവിൽ കൂടാരത്തിലേക്ക്........ കവിതകളായും കഥകളായും ചിത്രങ്ങളായും സർഗ്ഗ വിസ്മയങ്ങൾ തീർക്കുന്ന കുരുന്നു പ്രതിഭകൾക്കു കൂട്ടായി കൂടെ നടക്കുന്നു പ്രിയപ്പെട്ട അധ്യാപകർ.

കുട്ടിക്കാലത്തെ കൂട്ടുപിടിച്ചൊന്നു

കുട്ടികളോടൊപ്പം യാത്രപോകാൻ

ഒത്തൊരുമിച്ചൊരു സ്വപ്നം കാണാൻ

ഇ-മാഗസിൻ തന്നെ വേദിയാക്കാം.

# ഉള്ളടക്കം

1. ആമുഖം.................................................
2. എഡിറ്റോറിയൽ ബോർഡ്............................2
3. ആശംസ...................................................4
4. ചിറകൊടിയാത്ത വേരുകൾ(കവിത)..............5
5. പൊതിച്ചോറ്(കഥ)......................................7
6. പണ്ടൊരു സ്നേഹകാവ്യം ഇന്നൊരു ദുഖഗീതം(കവിത)...............9
7. അവശേഷിപ്പ്(കവിത)................................10
8. കവിത(കവിത)...........................................12
9. പുനർജനനി(കവിത)...................................13
10. വിരൽതുമ്പിലെ വായന(ഉപന്യാസം)...........15
11. വിശക്കുന്നവന്റെ നിധി(കഥ).........................19
12. മായാത്ത ഓർമ്മകളും മാഞ്ഞുപോയ സ്വപ്നങ്ങളും(കവിത).......................21
13. കാഴ്ച്ച(കവിത)..........................................22
14. മകൾക്കായി(കഥ)......................................23
15. Problems of pollution(essay)....................27
16. If you want(poem)....................................30
17. ചിത്രങ്ങൾ..................................................31

# ആശംസ

ജി.എച്ച്. എസ് ബാരയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, സ്കൂളിലെ കുട്ടികളുടെ സർഗ്ഗ സൃഷ്ടികൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.നമ്മുടെ സ്കൂൾ ലക്ഷ്യമിടുന്ന കുട്ടികളുടെ സർവ്വതോൻമുഖമായ ശേഷി വികസനത്തിന് ഇത് സഹായകമാവും.നമ്മുടെ സ്കൂളിലെ കുട്ടികളുടെ കലാ, സാഹിത്യ സൃഷ്ടികൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനും ആസ്വദിക്കുന്നതിനും ഇത് അവസരമൊരുക്കും.ഇതിന് നേതൃത്വം കൊടുത്ത അദ്ധ്യാപകർക്കും, പ്രവർത്തിച്ച കുട്ടിൾക്കും അഭിനന്ദനമറിയിക്കുന്നതിനോടൊപ്പം, ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു

എന്ന്

ഹെഡ്മാസ്റ്റർ

ജി.എച്ച്.എസ്. ബാര


# ആശംസ

ജി. എച്ച്. എസ്. ബാരയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻെറ ആഭിമുഖ്യത്തിൽ ഒരു ഇ.മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ ഏറെ ആഹ്ലാദിക്കുന്നു. കുട്ടിയുടെ സർഗാത്മകവും ശാസ്ത്രസാങ്കേതിക പരിജ്ഞാനവും സമ്മേളിക്കുന്ന ഒരു സംരംഭം എന്ന നിലയിൽ ഇത് ഏറെ പ്രശംസാർഹമാണ്.നമ്മുടെ ഭാവി വാഗ്ദാനമായ ഈ കുരുന്നു പ്രതിഭകൾക്കും ഈ സംരംഭത്തിനും ഹൃദയം നിറഞ്ഞ ആശംസകൾ.

എന്ന്

ശ്രീജ


അധ്യാപിക



# ചിറകൊടിയാത്ത വേരുകൾ

ചിറകൊടിയാത്ത വേരുകൾ
സുഖ സുന്ദര ജീവിതം അതാണ് സ്വപ്നം
എങ്കിൽ വികസനത്തിനു വേണ്ടി നാം
എന്തു ചെയ്യും
അതാണ് മനുഷ്യൻ,അതാണ് ജീവിതം
അതാണ് തൻ സ്വപ്നം
ജീവിത വഴികൾ താണ്ടി അവൻ മുന്നേറുമ്പോൾ
വികസനം എന്ന ലക്ഷ്യത്തിനായി ബാക്കിവച്ചത്
ഭൂമിയുടെ കണ്ണീർ മാത്രം
ഉയരാത്ത മനസ്സും പൊങ്ങാത്ത കയ്യുമായി
അവൻ ഉയർത്തെഴുന്നേറ്റു വികസനത്തിനായി.
അപ്പോഴും പ്രകൃതി തൻ മാല്യകൾ ഒതുക്കി-
പിടിച്ചു,അടഞ്ഞവാതിലുകൾക്കെന്ന പോലെ.
കാറ്റുകൾ,തണലുകൾ മധുരം വിതറുന്ന
പ്രകൃതിയെ അവനന്നൊരു വായിൽ
ഒതുക്കിയഴും അമ്മ മക്കളെ
നോവിച്ചില്ല.പ്രകൃതിയുടെ വാത്സല്യം

**നാം അന്നും ഇന്നും അറിയുന്നില്ല.**
**അന്തരംഗാന്തരത്തിൽ അഭിമതം**
**തേടുന്ന കാറ്റുകൾ,പൂക്കൾ,പുഴകൾ**
**ഇവയുടെ മന്ത്രനാദം കേട്ടവനെ**
**പ്രകൃതിയെ സ്നേഹിക്കാൻ കഴിയൂ.**
**പ്രകൃതിയോടു നാം ചെയ്ത ക്രൂരതകൾ**
**നമ്മളറിയും.**
**അതിന് സാക്ഷിയായി**
**ബാക്കിയായി ചിറകൊടിയാത്ത പ്രകൃതിയുടെ**
**വേരുകൾ മാത്രം.**



**അഞ്ജന ടോമി**
**9 C**

# പൊതിച്ചോറ്

**വെയിലിന്റെ കാഠിന്യം ഏറിവരുന്നുണ്ട്,എങ്കിലും കുറച്ചുകൂടി പണിയെടുത്തെങ്കിൽ മാത്രമേ ഉച്ചയ്ക്കുള്ള പൊതിച്ചോറ് വാങ്ങാൻ കഴിയൂ.പതിനഞ്ച് വയസ്സുള്ള തന്റെ മകളുടെ വിശപ്പടക്കാനായി രാവും പകലും എന്നില്ലാതെ അയാൾ**

**കഷ്ടപ്പെടുകയാണ്.പണിയെടുത്ത് വീട്ടിലേക്ക് പോകാനുള്ള തത്രപ്പാടിലായിരുന്നു അയാൾ. മൂന്ന് മൈൽ ദൂരം നടക്കണം വീട്ടിലേക്ക്. വീട്ടിലെത്തുമ്പോഴേക്കും കയ്യിൽ കരുതിവച്ച പൊതിച്ചോറ് തണുക്കുമോ എന്ന ആശങ്കയോടെ അയാൾ നടക്കാൻ തുടങ്ങി.റോഡിന്റെ മുമ്പിലെത്തി,ഇനി അൽപദൂരം മാത്രം.മുന്നിൽ വണ്ടികളുടെ ചാകരയാണ്.റോഡ് മുറിച്ചുകട- ക്കാനുള്ള ശേഷിയെപ്പോലും വിശപ്പ് തളർത്തിക്കളഞ്ഞിരുന്നു.**

**റോഡിലൂടെ ഒരു ജാഥയും വരുന്നുണ്ട്,ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടേതായിരിക്കും.വാഹനങ്ങൾ ഒതുങ്ങിയപ്പോൾ അയാൾ റോഡ് കടക്കാൻ ശ്രമം നടത്തി.പെട്ടെന്നാണ് ഒരു വണ്ടി ചീറിപ്പാഞ്ഞുവന്നത്.പിന്നെയൊന്നും ഓർമ്മയില്ല. കുറേ പേർ വന്ന് രക്ഷിക്കാൻ ശ്രമിച്ചെങ്കിലും അവർക്ക് ആശുപത്രി- യിലെത്തിക്കാൻ കഴിഞ്ഞില്ല. ട്രാഫിക് ബ്ലോക്കായി-**

**രുന്നു."എന്റെ മോളെവിടെ...?" അയാൾ ചോദിച്ചു.പക്ഷേ അയാൾക്ക് കൂടി നിന്ന ആൾക്കാരെയല്ലാതെ വേറെയാരെയും കാണാൻ സാധിച്ചില്ല.കുറേകഴിഞ്ഞ് അയാൾ കണ്ണുതുറന്ന-**

**പ്പോഴേക്കും ആശുപത്രിയിലായിരുന്നു. ആദ്യം മോളെയാണ തിരക്കിയത്.പക്ഷേ ഒന്നും പറയാൻ പോലും പറ്റാത്ത അവസ്ഥയായിരുന്നു. അയാൾക്കപ്പോഴും നന്നായി വിശക്കുന്നുണ്ടായിരുന്നു.ഒരു വല്ലാത്ത വിശപ്പ് !**



# പണ്ടൊരു സ്നേഹകാവ്യം
# ഇന്നൊരു ദു:ഖഗീതം

**കൈകൾ ദേവിയെപ്പോലെ ഞാൻ**
**എൻ അമ്മയെ,**
**സ്നേഹം ചൊരിയും ആ മരത്തണലിൽ**
**കഴിയുവാനെന്തൊരു ഭാഗ്യം.**
**വായുവും സൂര്യനും തമ്മിൾ തമ്മിൽ**
**പിണങ്ങിയാലെന്താ....**
**കോർത്തിണക്കും സൂചിയെപ്പോലെ**
**എൻ അമ്മയുണ്ടല്ലോ.**
**അമ്മയാണീ പാരിടത്തിൽ എന്നും**
**എൻ ദൈവം.**
**കാലം ഇന്നു കടന്നുപോയി,**
**മക്കളിന്നു വളർന്നു പോയി,**
**അമ്മയിന്നു കൂട്ടിലായി**

ലോകം വേഗം മറഞ്ഞുപോയി
വീണ്ടും കാട്ടാം നന്മ
നമുക്കീ ജനറേഷൻതോറും
കൈവിടാതെ കാക്കാം നമ്മുടെ
അമ്മയെ, ദൈവത്തെപ്പോലെ.

ഫമിന എം
**9 -B**



കാവ്യ മുരളി

**8C**

# അവശേഷിപ്പ്

**ഈശ്വരൻ വിധിച്ചൊരാ പ്രളയത്തിനൊടുവിൽ**
**അവശേഷിച്ചത് വെറും കണ്ണീരും വേർപാടുകളും മാത്രം.**
**ആ കണ്ണീരിന്നും പുഴയായി ഒഴുകിടുന്നു.**
**ആ വേർപാടിന്നും മനസ്സിൽ നീറിടുന്നു.**
**സ്വന്തം കുടിലും സുഖജീവിതവുമെല്ലാം നശിപ്പിച്ചെങ്കിലും**
**ദൈവത്തെ പഴിക്കാതെ**


തിരിച്ച നൽകിയ ജീവിതത്തെക്കുറിച്ചോർത്ത-
നന്ദി പറയുന്ന ഞാൻ.
പ്രളയത്തിനൊടുവിൽ ചത്തൊടുങ്ങിയ
ജീവികളുടെയും മാനവരുടെയും അരികിൽ,
വേർപാടിന്റെ വേദന സഹിക്കാനാവാതെ
കരഞ്ഞു കരഞ്ഞു തളർന്നപ്പോഴും
നീയെന്തിനീശ്വരാ എന്നെ മാത്രമിവിടെ
അവശേഷിപ്പിച്ച എന്നോതി.



# കവിത

നിന്റെ മുതുകിലേക്ക് ഞാൻ
വാക്കുകൾ വച്ചുകെട്ടുന്നു.
ഞാൻ പറയുന്നതുപോലെ ഓടണം,
ഒഴുകണം , പൂർണ്ണവിരാമത്തിൽ നിൽക്കണം.
എരിവെയിലിൽ വേവുന്ന
തീ തിന്നുമ്പോൾ,
നീ മഴയായ് പെയ്തിരുന്നെങ്കിൽ......
മനസ്സിന്റെ ഉള്ളറകളിലെല്ലാം തപ്പിനോക്കി.

**വികാരങ്ങൾക്കെല്ലാം നിർവികാരത!**
**പേനയെ മേശപ്പുറത്ത് കുത്തിനോവിച്ച്**
**പിൻവാങ്ങുമ്പോൾ ,**
**എന്നെ കഴുതയാക്കി**
**അവൾ 'കവിത'...!**




# പുനർജനനി

**പ്രളയം വിഴുങ്ങിയ കേരളത്തെ പുനർ-**
**നിർമ്മിച്ച നമ്മൾ ജനങ്ങളൊക്കെ.**
**കാർമേഘമായ് നിറഞ്ഞു വാനവും മഴ-**
**ത്തുള്ളികളായി നിലം പതിക്കെ.**
**വൻ ഇടിമുഴക്കമായ് പതിഞ്ഞു കാതിൽ-**
**നിൻ ഇരമ്പങ്ങളാം ശബ്ദം.**
**എന്തുവേണമെന്നറിയാതെ സ്തംഭിച്ച-**
**നിൻ കുരുന്നുകളാം ജീവജാലങ്ങൾ.**
**ഇറ്റിവീഴും നിൻ തുള്ളികളൊക്കെയും-**
**ഭീതി ചെലുത്തി നൽ ഹൃദയങ്ങളിൽ.**

എന്നിട്ടും നിൻ ഭയാനകമാം പ്രകൃത്യോ-
ധാരയെ പൊരുതിത്തോൽപിച്ച നാം.
സ്നേഹമാം കരങ്ങളായ് മാറിക്കൊണ്ടു നാം
വീണ്ടെടുത്തു നവകേരളത്തെ.
അമ്മയാം ദീപമേ നിൻ ധാരയിൽ
പുഞ്ചിരിതൂകുന്ന നാമേവരും.
പച്ചപ്പിനാൽ സമൃദ്ധിയേകി-
വീണ്ടും അനശ്വരമായ് കേരളമേ-
നിൻ മാറിൽ ചായുന്ന നാമേവരും.

കരിഷ്മ.എം
9 സി



ഫാത്തിമ നാസ്
8 c

# വിരൽ തുമ്പിലെ വായന

"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"

ഇ- തുമ്പിൽ

പ്രശസ്ത സാഹിത്യകാരനും കുട്ടികളുടെ പ്രിയകവിയുമായ കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ മുതിർന്നവർക്കെന്നല്ല കുട്ടികൾക്കു വരെ സുപരിചിതമാണ്.വായനയുടെ മഹത്വമാണ് ഇതിലൂടെ വ്യക്തമാകുന്നത്.വായനെ പരിപോഷിച്ചാൽ മാത്രമേ നാം ഉന്നതിയിലെത്തുവെന്ന് ഈ വരികൾ സൂചിപ്പിക്കുന്നു.വായിച്ചാലും വായിച്ചില്ലെങ്കിലും വളരും എന്ന യഥാർഥ വളർച്ച വായനയിലൂടെയാണ് സാധ്യമാവുന്നത്.എത്ര നാടുകൾ ചുറ്റികണ്ടാലും എത്ര ആഡംബരജീവിതം നയിച്ചാലും ജീവിതത്തിൽ വായനയില്ലാതെ നിലനിൽക്കാൻ സാധ്യമല്ല.

വായനജീവിതത്തിന്റെ ഭാഗമാവണമെന്നല്ല,ജീവിതത്തിൽ വായനയില്ലാതെ ഒന്നും കൈവരിക്കാൻ സാധ്യമല്ലെന്ന് പല മഹാന്മാരും സൂചിപ്പിച്ചിട്ടുണ്ട്.മനുഷ്യന്റെ ഏതു സ്വപ്നസാക്ഷാത്കാരത്തിനും മുതൽക്കൂട്ട് ആവുന്നത് വായനയാണ്.വായന ശീലിക്കാത്ത സമൂഹം തകർന്ന വീടുപോലെയാണ്.വായനയെ ആധാരമാക്കിയാണ് സാഹിത്യകാരന്മാർ ഉന്നതിയിലെത്തിയത്.കുട്ടിക്കാലം മുതലേ വായന ശീലിച്ചാൽ അവരുടെ ജീവിതത്തിലെ തടസ്സങ്ങളെല്ലാം തരണം ചെയ്യാനുള്ള ശക്തി അവർക്ക് ലഭിക്കുന്നു.

പനയോല മുതൽ തുടങ്ങിയ വായനയുടെ പ്രാധാന്യം മനസ്സിലാക്കേണ്ടതുണ്ട്.പണ്ടെല്ലാം ഭാഷകളെ പരിപോഷിപ്പിച്ച് പരസ്പരസംഭാഷണത്തിലേർപ്പെടുമ്പോഴും വായനയോടുള്ള ബന്ധം ആരും മറന്നിരുന്നില്ല.എന്റെ കുട്ടിക്ക് പഠിക്കാനൂഡ സാധിക്കുന്നില്ല,ഒരക്ഷരം പോലും വായിക്കാനറിയുന്നില്ല എന്നു പറയുന്ന രക്ഷിതാക്കളോട്, അവനെ ദിവസവും വായനയുടെ ലോകത്തേക്ക് പറത്തിവിട്ടു എന്ന് അധ്യാപകന്റെ മറുപടി.

വായന നമ്മുടെ സാസ്കാരിക തലങ്ങളേയും സമീപിക്കുന്നു.കേരളത്തിലെ മഹാന്മാരെല്ലാം ഉന്നതിയിലെത്തിയതിന്റെ രഹസ്യം വായനയാണ് എന്നിവർ സ്വയം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.മനുഷ്യരുടെ എല്ലാവിധ ദുഖങ്ങളിലും സുഖങ്ങളിലും പങ്കുചേർന്ന് വലിയൊരു കരുത്തുള്ള വായനാസമൂഹത്തെ വളർത്തുന്നു എന്നതാണ് വായനയുടെ പ്രധാന നേട്ടം.സമൂഹത്തിലെ എല്ലാവർക്കും വായന അറിയണമെന്നില്ല.ഉദാഹരണത്തിന് പണ്ടത്തെ

മനുഷ്യർക്കൊന്നും വായിക്കാൻ അറിയില്ലായിരുന്നു.എന്നാൽ ഭാഷയും വായനയും അറിയുന്നവർ അതിനെ മുറുകെപ്പിടിച്ച് അവയെ പ്രഭാവലയം പോലെ എല്ലായിടത്തും പരത്തിയിരുന്നു.അവർ വായനയെ നിലനിർത്തി ഇന്നത്തെ സമൂഹത്തിലേക്ക് കനിഞ്ഞുനൽകി.

വായനാശേഷി ഇല്ലെങ്കിൽ പോലും അവയെ നിലനിർത്തികൊണ്ടുപോകേണ്ടത് നാം ഓരോരുത്തരുടേയും ചുമതലയാണ്. കുഞ്ഞുണ്ണി മാഷ് മാത്രമല്ല പല കവികളും വായനയുടെ മഹത്വം സമൂഹത്തിലേക്ക് എത്തിച്ചിട്ടുണ്ട്.വായനയെ വളർത്തി വായനാശേഷിയും ബുദ്ധിയും വിവരവുമുള്ള മനുഷ്യരായി നാം എല്ലാവരും മാറേണ്ടതുണ്ട്. മഹാന്മാർ സ്വപ്നം കണ്ട ലോകം യഥാർമാക്കാൻ അവർ പരിശ്രമിച്ചിരുന്നു.എന്നാൽ ഇന്നത്തെ സമൂഹത്തിൽ കാണുന്നത് വായനയോടുള്ള അവഗണനയാണ്.

വായനയോട് താത്പര്യം കാണിക്കാത്ത കുട്ടികളാണ് ഇന്ന്,ഈ പുതിയ തലമുറയിൽ ജീവിക്കുന്നവർ .താത്പര്യം എന്നല്ല ,വായനാസമൂഹത്തെ വാർത്തെടുക്കുന്നതിനു പകരം അതിനെ നശിപ്പിക്കാനാണ് ശ്രമിക്കുന്നത്.സാഹിത്യകാരന്മാർ യശസ്സും കരുത്തുമുള്ള വായനാവലയം വരെ നാം തകർക്കുന്നു.യഥാർഥത്തിൽ ഉന്നതിയിലേക്കുള്ള നമ്മുടെ സ്വപ്നമാണ് ഇവിടെ നഷ്ടപ്പെടുന്നത്.

ചുരുക്കിപ്പറഞ്ഞാൽ വിരൽത്തുമ്പിലൊതുങ്ങുന്ന വായന.നഷ്ടപ്പെടുന്ന വായനയുടെ സങ്കൽപമാണ് ഇന്നുള്ളത്.ഇന്നത്തെ വായനാസങ്കൽപം എന്തെന്നാൽ വായനയെ അവഹേളിച്ച് ചരിത്ര പ്രാധാന്യമുള്ള വായനയെ നശിപ്പിക്കുക എന്നതാണ്.പനയോലയിൽനിന്ന് ആരംഭിച്ച വായനാശീലം ഇന്ന് മാധ്യമങ്ങളിലേക്ക് ഒതുങ്ങുകയാണ്.സാമൂഹമാധ്യമങ്ങളിലുള്ള വായനമാത്രമാണിന്ന് നിലവിലുള്ളത്.മൊബൈൽ ഫോണിലോ ദൃശ്യമാധ്യമങ്ങളിലോ ഒതുങ്ങുന്ന ചുരുക്കം വായന മാത്രമാണ് ഇന്നത്തെ വായന.വായനയുടെ പ്രാധാന്യം മാത്രമല്ല,വായന എന്ന വചനം തന്നെ ഇന്ന് ഇല്ലാതായിരിക്കുന്നു.പൂർണ്ണമായും വിരലുകളിലൊതുങ്ങുന്ന വായനകൾ.പണ്ടുകാലത്തെ സംബന്ധിച്ച് നോക്കിയാൽ ഇന്നത്തെ കാലം

# ഇ- തുമ്പിൽ

വായനയുടെ മഹാത്മ്യം തെല്ലപോലും തിരിച്ചറിയുന്നില്ല.മുതിർന്നവർ വായനാശീലം കൈവിടുന്നു എന്നുമാത്രമല്ല,തന്റെ കുട്ടികൾക്ക് വായനാശീലം നൽകുന്നില്ല എന്നുകൂടി ചെയ്യുന്നു.

പുതിയ തലമുറ കൊണ്ടുവന്ന ഇത്തരം മാറ്റങ്ങൾ നമ്മുടെ സമൂഹത്തെ തന്നെയാണ് ബാധിച്ചിരിക്കുന്നത്.ഒരേ സമയം തലച്ചോറിന്റേയും മനസ്സിന്റേയും ഒരുമിച്ച് നടക്കുന്ന അദൃശ്യബന്ധമാണ് വായനയായി മാറുന്നത്.അത് പൊട്ടാത്ത ചരടുപോലെ നിലനിൽക്കുന്നു.എല്ലാതരത്തിലും കാലക്രമേണയായി മുറിക്കുകയാണ് ഇന്നത്തെ തലമുറ ചെയ്യുന്നത്.ഫേസ്ബുക്കിലും വാട്സ്ആപ്പിലുമുള്ള സമീപനം മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റുന്നു.ഇത് തന്നെയാണ് ഇന്നത്തെ ലോകം സ്വയം തിരിച്ചറിയാതെ പോകുന്നത്.പത്രവായന വരെ അവയിൽ ഒതുങ്ങിപ്പോകുന്നു.

ഇത്തരം സമ്പ്രദായമല്ല നമുക്ക് ആവശ്യം.വായനയെ പരിപോഷിപ്പിക്കുന്ന,വായനയുടെ ഗൗരവം മനസ്സിലാക്കുന്ന,വായനയെ നെഞ്ചോട് ചേർത്തുപിടിക്കുന്ന,ഉന്നതിയിലേക്കെത്താൻ വായനയെ മുതൽക്കൂട്ടാക്കുന്ന ഒരു സമൂഹത്തെയാണ് നാം വളർത്തിയെടുക്കേണ്ടത്.പടുത്തുയർത്തുന്ന ഈ സമൂഹത്തെ വായനയുടെ ഉന്നതതലങ്ങളിലേക്കെത്തിക്കുന്നതും,വായനയിലൂടെ സന്തോഷം കണ്ടെത്തുന്ന ജനങ്ങളാക്കി മാറ്റേണ്ടതും അടുത്ത തലമുറയുടെ വാഗ്ദാനങ്ങളായ നാം കുട്ടികൾതന്നെയാണ്.ചിന്താശേഷിയും വിവേകവുമുള്ള കുട്ടികളാക്കി മാറ്റുവാൻ വായന ഏറെ ജനമനസ്സുകളിൽ സ്വാധീനം ചെലുത്തുന്നു.

ഈ സ്വധീനം മുതലാക്കി നാം ഏവരും നഷ്ടപ്പെടുന്ന വായനയെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്.വായനയെ നിലനിർത്തി ദൃശ്യമാധ്യമങ്ങളുടെ കെണിയിൽ വീഴ്ത്താതെ അതിനെ അടുത്ത തലമുറയിലേക്ക് നൽകേണ്ടത് നമ്മൾ കുട്ടികളുടെ കടമയാണ്.വായനയുടെ ഉന്നതതലങ്ങളിലേക്ക് ചിറകുയർത്തണം,എന്നാലെ വായനയാകുന്ന നീലാകാശത്തെ കൈയ്യെത്തിപിടിക്കാൻ സാധിക്കു.

**ഫാത്തിമ നാസ്**

# A  balloon and book

*I want a balloon*
*A beautiful balloon*
*I want a book*
*A wonderful book*
*I look a balloon*
*A red colour balloon*
*I look a book*
*A good story book*
*my father gives a balloon*
*A white colour balloon*
*my mother gives a book*
*A good story book*
*my balloon super balloon*
*nice balloon and cute balloon*
*my book good book*
*twinkle book and small book*

*Devananda.K*
*4  A*



# അമ്പിളിമാമൻ

അമ്പിളി മാമാ അമ്പിളി മാമാ
നക്ഷത്രം മാമന്റെ കാവൽക്കാരോ
എല്ലാ ദിവസവും രാത്രികാലം
മാമന്റെ കൂടെ കാണുമവർ
കുഞ്ഞിക്കിളിയും അണ്ണാനും
അമ്പിളിമാമനെ നോക്കുന്നു
കാര്യമെന്തെന്നറിയാതെ
അമ്പിളിമാമനും നോക്കുന്നു
കുഞ്ഞിക്കിളിയൊരു ചോദ്യമെറിഞ്ഞു
കാർമേഘം മാമന്റെ പുതപ്പാണോ?
മൂടിപ്പുതച്ചു കിടന്നു മാമൻ
നക്ഷത്രം കാവലായ് നിന്നരികിൽ



# വിശക്കുന്നവന്റെ നിധി

അഥീന
8 C

നനഞ്ഞ വസ്ത്രം ധരിച്ച് തന്റെ രണ്ടു മക്കളേയും അച്ഛനേയും അമ്മയേയും കുട്ടി അവൾ അരയോളമുള്ള വെള്ളത്തിലൂടെ നടന്നുനീങ്ങുകയാണ്.തന്റെ ചെറിയ മകനെ കൈയ്യിൽ പിടിച്ച് അവൾ അങ്ങനെ നടന്നു.നേരം വൈകി തുടങ്ങി.വെള്ളം കൂടിക്കൂടി വന്നു.എകദേശം രണ്ടുമണിക്കൂറായി അവൾ നടക്കാൻ തുടങ്ങിയിട്ട്.രക്ഷിക്കാനായി ആരെങ്കിലും വരുമെന്ന പ്രതീക്ഷ അവളിലുണ്ടായിരുന്നു.പക്ഷെ, അപ്പോഴും ഒരു ഭയമുണ്ടായിരുന്നു,ജീവിതം ഇവിടം കൊണ്ടവസാനിക്കുമോ എന്ന്.അങ്ങനെ അവർ ഒരു പള്ളിയിൽ ചെന്നെത്തി.അവിടെ ആരും ഉണ്ടായിരുന്നില്ല.കുട്ടികൾക്ക് വിശക്കാൻ

തുടങ്ങി.
മരുന്നുകളെ ആശ്രയിച്ച് ജീവിക്കുന്ന ആ വയസ്സർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കണം.പക്ഷെ നിവർത്തിയില്ല.ചുറ്റും വെള്ളമുണ്ട്.പക്ഷെ ഒരും തുള്ളിപോലും കുടിക്കാനാകില്ല.മൂത്തമകൻ ഉണ്ണി അവളോട് ചോദിച്ചു, "അമ്മേ വിശക്കുന്നു.എന്തെങ്കിലും ഒന്ന് കഴിക്കാൻ കിട്ടുമോ?" അതിനുള്ള മറുപടി അവളുടെ കൈയ്യിലില്ലായിരുന്നു.അവിടെ ഇരുന്ന് അവൾ ഓർത്തു.അന്ന് സൂര്യൻ കത്തിജ്വലിക്കുകയായിരുന്നു.ഒരു വൃദ്ധൻ ചെരുപ്പുപോലുമിടാതെ പൊള്ളുന്ന മണ്ണുചവിട്ടി അയാൾ വാതിക്കൽവന്നെത്തി ആദ്യം "കുറച്ചു വെള്ളം തരുമോ "എന്ന് ഇടറിയ ശബ്ദത്തിൽ ചോദിച്ചു.അവൾ അയാൾക്ക് ഒരു പാത്രം വെള്ളം കൊടുത്തു.ഇന്നുവരെ വെള്ളം കാണാത്തുപോലെ ആർത്തിയോടെ വെള്ളം കുടിച്ചു.അയാൾ കുറച്ചു ഭക്ഷണത്തിനായി ആവശ്യപ്പെട്ടു.അയാൾക്ക് വേണ്ടുവോളം ഭക്ഷണം കൊടുത്തു.ഭക്ഷണം കണ്ടപ്പോൾ അയാൾക്ക് സന്തോഷമായി.ഒരു നിധി കിട്ടിയതുപോലെയായിരുന്നു അയാളുടെ പെരുമാറ്റം.ഭക്ഷണം കഴിച്ച് സന്തോഷത്തോടെ അയാൾ മടങ്ങി.പക്ഷെ,അതിനുമുമ്പേ അയാൾ ഒരു കാര്യം പറഞ്ഞു ,"വിശപ്പെന്തെന്നറിഞ്ഞവനാണ് ഞാൻ. വിശക്കുന്നവന് ഭക്ഷണം ഒരു നിധിയാണ്.ദൈവത്തിനറിയാം വിശക്കുന്നവന്റെ സങ്കടം.അവർ ഏതെങ്കിലും രൂപത്തിൽ വന്ന് സഹായിക്കും."ഇത്രയും പറഞ്ഞ് അയാൾ മടങ്ങി.അവളുടെ അച്ഛൻ ചുമയ്ക്കുന്ന ശബ്ദം കേട്ട് അവൾ ആലോചനയിൽ നിന്ന് തിരിച്ചു വന്നു.അവൾ അച്ഛനെ ആശ്വസിപ്പിച്ചു.
അവൾ സ്വയം പറഞ്ഞു "ആരെങ്കിലും ഒരിത്തിരി ഭക്ഷണം തന്നിരുന്നെങ്കിൽ,അന്ന് ആ വൃദ്ധൻ പറഞ്ഞതു പോലെ ആരെങ്കിലും.വിശന്നിട്ടു വയ്യ."എത്ര ദിവസം ഇവിടെ ഇങ്ങനെ കഴിയേണ്ടി വരും! എന്റെ മക്കളേയും അച്ഛനേയും അമ്മയേയും കുറിച്ചാലോചിക്കുമ്പോഴാ സങ്കടം.ഇല്ല ആരെങ്കിലും വരാതിരിക്കില്ല, അവൾ അതും പ്രതീക്ഷിച്ചവിടെ ഇരുന്നു.നിലാവു തടം കെട്ടിയ ആ രാത്രിയിൽ അവരഞ്ചുപേരും വിശപ്പ

**സഹിച്ച് പരസ്പരം മുഖം നോക്കി ഇരുന്നു.പള്ളിയുടെ മുകളിൽ വട്ടമിട്ടു പറക്കുന്ന ഹെലികോപ്റ്ററിന്റെ ശബ്ദം കേട്ട് ഉണ്ണി പുറത്തിറങ്ങി നോക്കി.രക്ഷാപ്രവർത്തനത്തിനായി വന്നതാണ്.എല്ലാവരും പുറത്തിറങ്ങി നോക്കി.ഹെലികോപ്റ്ററിൽ നിന്നും രണ്ടു കവർ ബിസ്കറ്റ് താഴേക്കിട്ടു കൊടുത്തു.താഴെയെത്തിയപ്പോഴേക്കും അത് പൊടിഞ്ഞു പോയിരുന്നു.എങ്കിലും അത് കഴിച്ചവർ വിശപ്പടക്കി.അവർക്ക് അത് നിധി തന്നെയാണ്. ഈ സമയം അവൾക്ക് വൃദ്ധന്റെ വാക്കുകൾ ഓർമ്മ വന്നു.**

**അഥീന**
**8-C**

# മായാത്ത ഓർമ്മകളും
# മാഞ്ഞുപോയ സ്വപ്നങ്ങളും

**നരച്ച ദിക്കുകളിൽ ഇരുളാണെന്നും**
**മഴ വിഴുങ്ങിയ കൂരകളെ ഓർക്കുന്നു ഞാൻ,**
**ആ വെള്ളപ്പൊക്കത്തെയും.**
**തകർത്തിരമ്പി ജനപദങ്ങളെ അതു മൂടിനിന്നു.**
**ഇനിയെന്താണ് ബാക്കി?**
**പേമാരി കലങ്ങി ചുവന്നു ചുഴികുത്തിയപ്പോഴും**
**ബാക്കിയാകുന്ന ഇത്തിരി ഓർമ്മകളും**
**ഒത്തിരി സ്വപ്നങ്ങളും...**

സുനിമോൾ ബളാൽ
അധ്യാപിക

# കാഴ്ച്ച

ഒരു മുത്തുച്ചിപ്പിയിൽ
കടലാഴം കാണുമ്പോൾ
ഒരു മഞ്ഞുതുള്ളിയിൽ
മനസ്സലിവിനെ കണ്ടു
ഒരു മഴനീർ തുള്ളിയിൽ
ആകാശം കണ്ടപ്പോൾ
ഒരു മിഴിനീർ തുള്ളിയിൽ
സ്ത്രീ ജന്മം കണ്ടു.

# മകൾക്കായി

അമ്മേ.... എനിക്കു വേദനിക്കുന്നു.......

അവളുടെ കരച്ചിൽ കേട്ടാണ് ഓടിച്ചെന്നത്.

നോക്കുമ്പോൾ എന്താ കാഴ്ച!

ചോരയിൽ കുളിച്ചു നിൽക്കുന്ന അവളെ കണ്ടപ്പോൾ മനസ്സ് നുറുങ്ങിപ്പോയി.

വേണ്ടായിരുന്നു......

ഒരു വ്യാഴവട്ടകാലത്തിനിപ്പുറത്തേക്ക് ഇവളെ നൊന്തുപെറ്റത് എന്തിനു വേണ്ടിയായിരുന്നു?

എന്നാണ് ഞാനവളെ ആദ്യമായി ഗർഭത്തിൽ പേറിയത്.

17 വർഷങ്ങൾക്കു മുൻപ് സനിത ടീച്ചറുടെ ബോറടിപ്പിക്കുന്ന ചരിത്രപഠന ക്ലാസിൽ നിന്ന് കൂട്ടുകാരുടെ കൂടെ ഓടിക്കിതച്ചെത്തി കഥാരചന ക്ലാസിൽ വന്നിരുന്നു.

കഥയെക്കുറിച്ച് ഒരു ചുക്കും അറിയില്ലായെങ്കിലും ഒന്നു പരീക്ഷിച്ചാലോ?

യുദ്ധവിമാനങ്ങളും സോമാലിയയിലെ പട്ടിണിയും ആഗോള-ആഭ്യന്തര പ്രശ്നങ്ങളൊക്കെയും കൂടെ കൂട്ടിയാണ് അവൾ പിറന്നുവീണത്.

കലോത്സവ വേദിയിൽ  അലസമായി വായ്

നോക്കിയാരിക്കുമ്പോഴാണ് അവളെൻെറ നിഴലായി കൂടെയുണ്ടെന്നറിയുന്നത്

"കഥാരചന-ഫസ്റ്റ് പ്രൈസ്-അഥീന"

കാതുകളെ വിശ്വസിക്കാമോ?സ്വപ്നത്തിലാണോ?

കൂട്ടുകാർ വന്ന് കെട്ടിപ്പിടിച്ചപ്പോഴാണ് സത്യമാണെന്നറിയുന്നത്.

എന്ത്? എനിക്കോ ഫസ്റ്റ് പ്രൈസ്!

പിന്നെ ഇന്നോളം അവൾ വിട്ടുപിരിഞ്ഞില്ല എന്നെ

പത്തും പ്ലസ്ടുവും കൂടെ നടന്നവർ കൊഞ്ചി,മഴയായി, മഴവില്ലായി,നൊമ്പരമായി, പ്രണയമായി, വിരഹമായി,പ്രതിഷേധമായി,വിഷാദമായി ഞാൻ അലയു -ന്നിടത്തെല്ലാം അവൾ കൂടെ വന്നു

ടി.ടി.സിക്ക് പഠിക്കുന്ന കാലത്ത് അവളുടെ കൈയും പിടിച്ചാണ് എറണാക്കുളം കാണുവാൻ പോയത് സംസ്ഥാന മത്സരത്തിന് .

ഒരു പെണ്ണുകാണലിൻെറ അന്ത്യത്തിൽ പ്രണയമായി അഥീന അവനെ കൂടെക്കൂട്ടിയ നാളിൽ അവൾ മനസ്സിൻെറ ചെപ്പിൽ ഒളിച്ചിരുന്നു.

മധുവിധു തീരും മുൻപേ ദമ്പതിമാരെ വിട്ട് അവൾ അഥീനയുടെ ഗർഭപാത്രത്തിൽ ഒളിച്ചിരുന്നു. പ്രതിഷേധം,

സങ്കടം, വിരഹം,സന്തോഷം അങ്ങനെ

കാലംകടന്നുപോയിക്കൊണ്ടിരുന്നു.എന്നാലവളോ.....
ഒന്നിനേയും കൂസാതെ ഗർഭപാത്രത്തിൻെറ ഇരുട്ടിൽ

മയങ്ങുകയായിരുന്നു അവൾ.

രണ്ടുണ്ണികൾ ആ ഗർഭപാത്രത്തിൽ നിന്നും

പുറത്തുവന്നെങ്കിലും അവളെ കൂടെ കൂട്ടിയില്ല.....

'പെണ്ണല്ലേ,അവിടെ അടങ്ങിക്കിടക്ക് 'എന്നു

പറയുന്നതുപോലെ.

കടലിന്നടിയിലെ മുത്തുചിപ്പിപോലെ  അവൾ.....

ഇന്ന് മനസ്സിൽ ഒളിപ്പിച്ചു വച്ചതെല്ലാം
പുറത്തേക്കെറിയുവാൻ വെമ്പൽ കൊള്ളുമ്പോൾ അഥീന

അവളെയും നൊന്തു പെറ്റു.

പക്ഷെ......

പേറ്റ് നോവ് മായുംമുൻപേ അവളെ

വെട്ടിയരിഞ്ഞവൾ........

ആദ്യം അനുജത്തിയാണ് അവളെ മുറിവേൽപ്പിച്ചത്.

അവളുടെ ചിറകിനെ.......

പിന്നെ ഓരോരുത്തരായി ...ഓരോ ഭാഗമായി മുറിച്ചു കളഞ്ഞു.

"എന്റെ ആത്മാവെവിടെ ? ചിറകുകളും സ്വപ്നം കാണുന്ന

കണ്ണുകളുമെവിടെ ?

# ഇ- തുമ്പിൽ

എനിക്ക് പറക്കണം .അനന്തമായ വിഹായസ്സിലൂടെ,വേദനിക്കുന്ന മനസ്സുകൾക്കിടയിൽ , കളിചിരികൾക്കിടയിൽ, ഒരു പട്ടം പോലെ .....

താഴെ നൂല് പിടിച്ച് നീ എന്നെ നിയന്ത്രിച്ചോളൂ.....

പക്ഷേ , ഇങ്ങനെ മുറിച്ച് കളയരുത്

എന്ത് മറുപടി പറയണം ? അവളോട് പറയാൻ വാക്കുകളില്ലല്ലോ ?

നീ സ്ത്രീയാണ്.അബലയാണ്.സർവ്വം സഹയാകേണ്ടവൾ...ഭൂമിയോളം ക്ഷമിക്കു കുഞ്ഞേ....കരയരുത്......

വാക്കുകൾക്കു വേണ്ടി തിരഞ്ഞു.

ഒടുവിൽ ......അവളെ കൈയ്യിലെടുത്ത് തഴുകി. മെല്ലെ വായിലേക്കെടുത്തിട്ടു.വീണ്ടും എന്റെ ഗർഭപാത്രത്തിൽ ഒളിച്ചിരുത്താൻ.....

എത്രകാലം വരെയെന്നറിയില്ല........ക്ഷമിക്കു ഈ അമ്മയോട്.......

അഥീനയ്ക്ക് നാവും ചിറകുകളും വരുന്നതു വരെ നീ പിറവിയെടുക്കാതിരിക്കു......

മാപ്പ് കുഞ്ഞേ.........."

ജി എച്ച് എസ് ബാര



**Sarayu**

**8 C**

# PROBLEMS OF POLLUTION

***Pollution is destroying our nature. There are different kinds of pollution. Some of them are air pollution,water pollution,sound pollution etc...it is a very dangerous situation.***

***Pollution causes many diseases. It affects our health badly and it spreads in all places. We should try to avoid pollution. If we can't,our life on the earth will be in danger. The human beings can control it. There were many trees,rivers,valleys etc...Birds and animals were plenty in the forest,but those days gone away. Now,the people are cutting***

***down trees for their own purposes. Animals are hunted for various reasons. There is only one answer to this,that man,shouldn't destroy the beauty of the earth.***

***Air pollution is mainly caused by the smoke from vehicles and factories. The cause of water pollution is the wastes from the big factories. We must work hard to decrease pollutions. Thus, we will be able to build up a better earth. We want to plant more trees and plants. We want to protect our nature from pollution for us and to the coming generations. This pollution led to many dangerous diseases like Cancer, Tuberculosis etc....Earth provide us with a lot of important thing which was necessary to continue our life, therefore it is our duty to save earth free from pollutions and such other things which badly affect the earth.***

***SARAYU. K***
***8 C***




**Gopika Raveendran**
**9 C**

# <u>If you want......</u>

***If you want to live,***
***Live for other.***
***If you want to die,***
***Die for your mother land.***
***If you want to love,***
***Love the one who loves you.***
***If you want to give,***
***Give kindness.***
***If you want to do,***
***Do something great.***

# ഇ- തുമ്പിൽ



DEVANANDA,K



DIYA.K

# ഇ- തുമ്പിൽ




PRANAVYA.E

ജി എച്ച് എസ് ബാര





SHREYA.K



NAKSHATHRA.K.T



# ഇ- ത്തുമ്പിൽ



VIDYA VIJAY



ജി എച്ച് എസ് ബാര




Navya


# ഇ- തുമ്പിൽ







# ഇ- തുമ്പിൽ



ജി എച്ച് എസ് ബാര

# ഇ- തുമ്പിൽ





